(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ബാലവേല

*4 [94] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് അവസാനിപ്പിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(സി) ബാലവേലയ്ക്കായി വരുന്ന കുട്ടികളെ ക്രൂരമായി മർദ്ദിക്കുന്ന സംഭവം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ബാലവേലയ്ക്കായി കുട്ടികളെ കൊണ്ടു വരുന്ന പ്രവണത വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ ആന്റ് ബി) സംസ്ഥാനത്ത് ബാലവേല വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ ബാലവേല വിമുക്തമാക്കുന്നതിനും ബാലവേല സമ്പ്രദായം അവസാനിപ്പിക്കാനും ഒരു ത്രിമുഖപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഒന്നാം ഘട്ടമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ബാലവേല തടയുന്നതിനായി ബോധവൽക്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിച്ചിരുന്നു. രണ്ടാം ഘട്ടമായി സംസ്ഥാനത്തുള്ള ബാലവേല തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരെ സംബന്ധിച്ച വിശദ വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിക്കുന്നതിനും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റസ്റ്റിക്സ് വകുപ്പ് മുഖേന ഒരു സമഗ്ര സർവ്വെ 2004 ഫെബ്രുവരി മാസം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നുണ്ട്. സർവെ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ബാലതൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. കൂടാതെ ബാലതൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറുമായി ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫയർ സൊസൈറ്റി ഓരോ ജില്ലയിലും രൂപീകരിച്ചിട്ടുണ്ട്. അപകട സാധ്യതയുള്ള സ്വഭാവത്തോടുകൂടിയതും നിയമം മൂലം നിരോധിച്ചതുമായ തൊഴിലുകളിലും പ്രവർത്തികളിലും നിന്ന് മോചിപ്പിച്ച കുട്ടികളുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി ഒരു സംസ്ഥാന കൗൺസിൽ രൂപീകരിക്കുന്നതിന് വേണ്ടി ഒരു നിയമ നിർമ്മാണം കൊണ്ടുവരാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) മറ്റു സംസ്ഥാനങ്ങളിൽ നിന്നും ബാലവേലയ്ക്കായി കുട്ടികളെ വ്യാപകമായി കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്.

(ഇ) മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികളെ നിയമ വ്യവസ്ഥകൾ ലംഘിച്ച് ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. നിരുത്തലാക്കിയ ഡിപ്പോകൾ

*5 [95] ശ്രീ. പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ നിലവിലുണ്ടായിരുന്ന ഡിപ്പോകൾ നിരുത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഇത്തരത്തിൽ ഡിപ്പോകൾ പൂട്ടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ ദേശസാൽക്കരിച്ച റൂട്ടുകളും സ്വകാര്യവൽക്കരിച്ച റൂട്ടുകളും ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly